**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 927** **02.12.2015-ൽ മറുപടിക്ക്**

**കുടിവെള്ള വിതരണ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>,, ബി.സത്യൻ<br>,, കെ.കെ.നാരായണൻ<br>,, ബി.ഡി. ദേവസ്സി : | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജപ്പാൻ അന്താരാഷ്ട്ര സഹകരണ ഏജൻസി (ജൈക്ക) യുടെ സഹായത്തോടെയുള്ള കുടിവെള്ള വിതരണ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ ; | എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ശുദ്ധജല വിതരണ പദ്ധതികൾ ഉൾപ്പെടുന്നു.<br>1. തിരുവനന്തപുരം നഗരമേഖലയിലെ ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും.<br>2. കൊല്ലം ജില്ലയിലെ മീനാടും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.<br>3. ആലപ്പുഴ ജില്ലയിലെ ചേർത്തല മുൻസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.<br>4. കോഴിക്കോട് നഗരമേഖലയ്ക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും.<br>5. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.<br>**പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി**<br>1. തിരുവനന്തപുരം പദ്ധതി:<br>വിതരണ ശൃംഖലയും, പുനരുദ്ധാരണ |

പ്രവർത്തനങ്ങളും ഒഴികെ ബാക്കി പണികൾ പൂർത്തിയായി. പദ്ധതിയിൽ നിന്നുള്ള ജലം 18.05.2010-ൽ ലഭ്യമാക്കിയിട്ടുണ്ട്. വിതരണ ശൃംഖലയിൽ 394 കി.മീ പൈപ്പ് ലൈൻ ഉള്ളതിൽ 91 കി.മീ പൈപ്പ് ലൈൻ ഇനി ഇടാനുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. മീനാട് പദ്ധതി: വിതരണ ശൃംഖല മാത്രമാണ് ഇനി പൂർത്തിയാക്കുവാനുള്ളത്. 963 കി.മീ പൈപ്പ് ലൈൻ ആകെ ഉള്ളതിൽ 174 കി.മീ പൈപ്പ് ലൈൻ ഇനി ഇടാനുണ്ട്. പദ്ധതി 24.02.2011-ൽ ഭാഗികമായി കമ്മിഷൻ ചെയ്തു. 2016-ഓടുകൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

3. ചേർത്തല പദ്ധതി: പദ്ധതി പൂർത്തിയാക്കി 03.01.2012-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്തു.

4. കോഴിക്കോട് പദ്ധതി: വിതരണ ശൃംഖലയിൽ 1876 കിലോമീറ്റർ പൈപ്പ് ലൈൻ ഉള്ളതിൽ 695 കിലോമീറ്റർ ഇനി ബാക്കി ഇടാനുണ്ട്. 27.02.2015-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു നഗര മേഖലയിൽ ജലവിതരണം ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള പദ്ധതിയുടെ പുനരധിവാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

5. പട്ടുവം പദ്ധതി: പദ്ധതി പൂർത്തിയാക്കി ജലവിതരണം നടത്തി വരുന്നു.

| | | | |
|---|---|---|---|
| ബി | പ്രസ്തുത പദ്ധതിയിൽ നിന്ന് ജപ്പാൻ അന്താരാഷ്ട്ര സഹകരണ ഏജൻസി (ജിക്ക) പിന്മാറുമെന്ന് അറിയിച്ചിട്ടുണ്ടോ ? | ബി. | നിലവിലുള്ള ജൈക്ക ലോണിന്റെ കാലാവധി 27.07.2015 വരെ ആയിരുന്നു. കാലാവധി 31.12.2016 വരെ ദീർഘിപ്പിക്കുന്നതിനായുള്ള അപേക്ഷ സംസ്ഥാന കേന്ദ്ര ഗവൺമെന്റുകൾ വഴി |

| | | | |
|---|---|---|---|
| | എങ്കിൽ അതിന്റെ കാരണം എന്താണ് ; | | ജിക്കയ്ക്ക് സമർപ്പിച്ചെങ്കിലും പ്രസ്തുത അപേക്ഷ ജൈക്ക അംഗീകരിക്കുകയുണ്ടായില്ല. |
| സി | പാതിവഴിയിലായപ്രസ്തുത പദ്ധതികൾ ഏതു വിധത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അതിന്റെ വിശദാംശവും അറിയിക്കുമോ ; | സി | ജിക്ക പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള ബാക്കി പണികൾ പൂർത്തിയാക്കുവാനായി 330 കോടി രൂപ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത തുക സ്റ്റേറ്റ് ഫണ്ടിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. 31.12.2016 ഓടുകൂടി ബാക്കി പണികൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി | ഇവയിൽ ഏതെങ്കിലും പദ്ധതി ജലനിധിക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ? | ഡി | നിലവിൽ ഉദ്ദേശമില്ല. |

സെക്ഷൻ ഓഫീസർ